**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈദ്യുതി ലൈൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ചെറായി - ഞാറക്കൽ 110 KV ഡി.സി. ലൈൻ (14.1 കി. മീ.) നിർമ്മാണ പ്രവൃത്തിയുടെയും ഞാറയ്ക്കൽ 66 KV സബ് സ്റ്റേഷൻ 110 KV ലെവൽ ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചെറായി മുതൽ ഞാറയ്ക്കൽ വരെയുള്ള 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ടവറുകളുടെ അടിത്തറ നിർമ്മാണ ജോലികൾ നടന്നു വരികയാണ്. ആകെ 51 ടവറുകൾ നിർമ്മിക്കേണ്ടതിൽ 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒക്ടോബർ 2023-ഓടു കൂടി ചെറായി സബ്സ്റ്റേഷൻ സമീപത്ത് നിന്നും നെടുങ്ങാട് പാലത്തിനു സമീപമുള്ള ലൊക്കേഷൻ 26 വരെയുള്ള 20 ടവറുകളുടെ അടിത്തറ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ലൈനിന്റെ മിക്കവാറും ഭാഗങ്ങൾ പൊക്കാളി ചെമ്മീൻ കൃഷി നടക്കുന്ന പാടങ്ങളിലൂടെ ആയതിനാൽ നവംബർ മാസം ആദ്യം മുതൽ ഏപ്രിൽ മദ്ധ്യം വരെയും കൂടാതെ കാലവർഷ സമയത്തും പ്രവർത്തികൾ സുഗമമായി നടത്തുവാൻ സാധിക്കുകയില്ല. ഇക്കാരണം കൊണ്ട് ലൈനുകളുടെ നിർമ്മാണ പ്രവർത്തനം 2025 സെപ്റ്റംബർ മാസം വരെ നീണ്ടു പോകാൻ സാദ്ധ്യതയുണ്ട്.<br><br>സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സബ്സ്റ്റേ ഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഒരേസമയം പൂർത്തിയാക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോഴത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ചെറായി മുതൽ ഞാറയ്ക്കൽ വരെയുള്ള 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ടവറുകളുടെ അടിത്തറ നിർമ്മാണ ജോലികൾ നടന്നു വരികയാണ്. ആകെ 51 ടവറുകൾ നിർമ്മിക്കേണ്ടതിൽ 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒക്ടോബർ 2023-ഓടു കൂടി ചെറായി സബ്സ്റ്റേഷൻ സമീപത്ത് നിന്നും നെടുങ്ങാട് പാലത്തിനു സമീപമുള്ള ലൊക്കേഷൻ 26 വരെയുള്ള 20 ടവറുകളുടെ അടിത്തറ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്നു. പ്രസ്തുത ലൈനിന്റെ മിക്കവാറും ഭാഗങ്ങൾ പൊക്കാളി ചെമ്മീൻ കൃഷി നടക്കുന്ന പാടങ്ങളിലൂടെ ആയതിനാൽ നവംബർ മാസം ആദ്യം മുതൽ ഏപ്രിൽ മദ്ധ്യം വരെയും കൂടാതെ കാലവർഷ സമയത്തും പ്രവർത്തികൾ സുഗമമായി നടത്തുവാൻ സാധിക്കുകയില്ല. ഇക്കാരണം കൊണ്ട് ലൈനുകളുടെ നിർമ്മാണ പ്രവർത്തനം 2025 സെപ്റ്റംബർ മാസം വരെ നീണ്ടു പോകാൻ സാദ്ധ്യതയുണ്ട്.<br><br>സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സബ്സ്റ്റേ ഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഒരേസമയം പൂർത്തിയാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ